**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 222** **27-06-2022 - ൽ മറുപടിയ്ക്ക്**

**ഗുരുതര രോഗ ബാധിതർക്ക് അടിയന്തരമായി സ്കാനിംഗുകളും സർജറികളും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പ്രവേശിപ്പിക്കപ്പെടുന്ന ഗുരുതര രോഗബാധിതർക്ക് എം.ആർ.ഐ./സി.റ്റി. സ്കാനിംഗുകളും സർജറികളും ചെയ്യുന്നതിന് വളരെ നീണ്ട സമയത്തെ തീയതി നിശ്ചയിച്ച് നൽകുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ; | (എ) | തിരുവനന്തപുരം മെഡിക്കൽ കോളേജിലെ എം.ആർ.ഐ സ്കാനറിന്റെ കാലപ്പഴക്കം കാരണം ആയതിന്റെ പ്രവർത്തന ക്ഷമത കുറഞ്ഞിട്ടുള്ളതിനാൽ സ്കാനിംഗ് ചെയ്യുന്നതിനുള്ള തീയതി നിശ്ചയിച്ച് നൽകുന്നതിൽ ചെറിയ കാലതാമസമുണ്ടാകാറുണ്ട്. പുതിയ എം.ആർ.ഐ സ്കാനർ കിഫ്ബി മുഖേന സ്ഥാപിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു വരികയാണ്. തിരുവനന്തപുരം മെഡിക്കൽ കോളേജിലെ എം.ആർ.ഐ സ്കാനറും മൂന്ന് സി.ടി സ്കാനറുകളും നിലവിൽ 24 മണിക്കൂറും പ്രവർത്തിച്ച് വരുന്നുണ്ട്. അതിനാൽ പരമാവധി വേഗത്തിൽ സി.ടി സ്കാനുകൾ ചെയ്തു നൽകാൻ നിലവിൽ കഴിയുന്നുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പ്രവേശിക്കപ്പെടുന്ന ഗുരുതര രോഗബാധിതർക്ക് സർജറികൾ അടിയന്തരമായി വേണ്ടി വരുന്ന പക്ഷം ആയത് അടിയന്തരമായി തന്നെ ചെയ്തു വരുന്നുണ്ട്. സർജറികൾ ചെയ്യുന്നതിന് വളരെ നീണ്ട സമയത്തെ തീയതി നിശ്ചയിച്ച് നൽകുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | അടിയന്തര സ്കാനിംഗുകളും ശസ്ത്രക്രിയകളും അടിയന്തരമായി തന്നെ ചെയ്യുന്നതിനുള്ള നിർദ്ദേശം നൽകാൻ കഴിയുമോ? | (ബി) | തിരുവനന്തപുരം മെഡിക്കൽ കോളേജിലെ എം.ആർ.ഐ സ്കാനറിന്റെ കാലപ്പഴക്കം കാരണം ആയതിന്റെ പ്രവർത്തന ക്ഷമത കുറഞ്ഞിട്ടുള്ളതിനാൽ സ്കാനിംഗ് ചെയ്യുന്നതിനുള്ള തീയതി നിശ്ചയിച്ച് നൽകുന്നതിൽ ചെറിയ കാലതാമസമുണ്ടാകാറുണ്ട്. പുതിയ എം.ആർ.ഐ സ്കാനർ കിഫ്ബി മുഖേന സ്ഥാപിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു വരികയാണ്. തിരുവനന്തപുരം മെഡിക്കൽ കോളേജിലെ എം.ആർ.ഐ സ്കാനറും മൂന്ന് സി.ടി സ്കാനറുകളും നിലവിൽ 24 മണിക്കൂറും പ്രവർത്തിച്ച് വരുന്നുണ്ട്. അതിനാൽ പരമാവധി വേഗത്തിൽ സി.ടി സ്കാനുകൾ ചെയ്തു നൽകാൻ നിലവിൽ കഴിയുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പ്രവേശിക്കപ്പെടുന്ന ഗുരുതര രോഗബാധിതർക്ക് സർജറികൾ അടിയന്തരമായി വേണ്ടി വരുന്ന പക്ഷം ആയത് അടിയന്തരമായി തന്നെ ചെയ്തു വരുന്നുണ്ട്. സർജറികൾ ചെയ്യുന്നതിന് വളരെ നീണ്ട സമയത്തെ തീയതി നിശ്ചയിച്ചു നൽകുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ